# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2740 — 19.07.2011 ൽ മറുപടിയ്ക്ക്

## നികുതി വരുമാനത്തിലെ വെട്ടിപ്പ്

| ചോദ്യം<br>ഡോ.റ്റി.എം. തോമസ് ഐസക്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വില്പന നികുതി വരുമാനത്തെ ബാധിക്കുന്ന നിലയിൽ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടു കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പരാജയപ്പെട്ടിട്ടില്ല. കൂടുതൽ മെച്ചപ്പെട്ടു വരികയാണ്. |
| (ബി) | നികുതി വരുമാനത്തിലെ വെട്ടിപ്പ് തടയാൻ സ്വീകരിച്ചുവന്ന നടപടികൾ എന്തെല്ലാമായിരുന്നു; | (ബി) | ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ചു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വാഹന പരിശോധന കർക്കശമാക്കുകയും ചെയ്തു. |
| (സി) | ഇത്തരം നടപടികൾ ഇപ്പോൾ മന്ദഗതിയിലായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ്; | (സി) | ഇല്ല |
| (ഡി) | നികുതികൾ വീഴ്ച കൂടാതെ ഈടാക്കുവാനും നികുതി വകുപ്പിലെ ഉദ്യോഗസ്ഥന്മാരെ അന്യായമായി സ്ഥലം മാറ്റാതിരിക്കാനും നടപടി സ്വീകരിക്കുമോ? | (ഡി) | നികുതികൾ വീഴ്ച കൂടാതെ ഈടാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നികുതി വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ അന്യായമായി സ്ഥലം മാറ്റിയിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ